# 6

# നമ്മൾ ഇന്ത്യാക്കാർ

നാനാത്വത്തിൽ ഏകത്വമാണ് ഇന്ത്യയുടെ മുഖമുദ്ര. സാംസ്കാരിക കൂട്ടായ്മ നിലനിർത്തുന്നതിൽ ഇന്ത്യയിലെ വിവിധ പ്രദേശത്തെ ജനങ്ങളുടെ ജീവിതരീതി, അവരുടെ ഭാഷ എന്നിവക്ക് മുഖ്യപങ്കുണ്ട്. വിവിധ പ്രദേശങ്ങളിലെ ഭൂമിശാസ്ത്രപരവും സാമൂഹ്യപരവുമായ വ്യതിരിക്തത, സാംസ്ക്കാരികത്തനിമയുടെ സ്വതന്ത്രവികാസത്തെ സ്വാധീനിക്കുന്നു. ഇന്ത്യ വ്യത്യസ്ത സംസ്ഥാനങ്ങളും കേന്ദ്രഭരണപ്രദേശങ്ങളും ചേർന്നതാണ്, ഇന്ത്യയിലെ ജനങ്ങൾ വിവിധ ഭാഷകൾ സംസാരിക്കുന്നു, സംസ്ഥാനങ്ങൾ തമ്മിൽ ഭാഷയുടെ കാര്യത്തിൽ വൈവിധ്യം ഉണ്ടെങ്കിലും സമാനതകൾ കാണാനും കഴിയുന്നു, ഇന്ത്യയുടെ സാംസ്കാരിക പ്രത്യേകതകൾ സൂചിപ്പിക്കുന്ന ചില പൊതുവായ ചിഹ്നങ്ങൾ ഇന്ത്യയ്ക്കുണ്ട് എന്നീ ആശയങ്ങൾ ഈ യൂണിറ്റിൽ ചർച്ചചെയ്യപ്പെടുന്നു.

നമ്മുടെ കേരളം ഇന്ത്യയുടെ ഭാഗമാണെന്നും കേരളത്തിൽ 14 ജില്ലകളുണ്ടെന്നും കേരളത്തിൽ പ്രത്യേക പ്രാധാന്യമുള്ള സ്ഥലങ്ങളുണ്ടെന്നും കുട്ടികൾക്ക് അറിയാം. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് വിവിധ ആവശ്യങ്ങൾക്കായി ജനങ്ങൾ വരാറുണ്ട്. അതുപോലെ വിവിധ ആവശ്യങ്ങൾക്കായി കേരളത്തിന് പുറത്തേക്ക് ജനങ്ങൾ പോകാറുണ്ട്. ഇന്ത്യയിലെ ചില സംസ്ഥാനങ്ങളെക്കുറിച്ച് കുട്ടികൾക്ക് ചെറിയ ധാരണകളുണ്ട്. വൈവിധ്യം നിലനിർത്തിക്കൊണ്ടുതന്നെ സൗഹൃദവും കൂട്ടായ്മയും പരസ്പരസൗഹാർദ്ദവും വികസിപ്പിക്കുക വഴി നാമെല്ലാം ഇന്ത്യാക്കാരാണ് എന്ന മനോഭാവം കുട്ടികളിൽ രൂപപ്പെടാൻ ഈ പാഠഭാഗം ഉപകരിക്കണം.

## മോഡ്യൂൾ 1

**പ്രശ്ന മേഖല: സാംസ്ക്കാരികത്തനിമയെക്കുറിച്ചും അതിന്റെ സ്വതന്ത്രവികാസത്തെക്കുറിച്ചുമുള്ള ധാരണയില്ലായ്മ**

| ആശയങ്ങൾ | പ്രക്രിയകളും കഴിവുകളും | പ്രകടിതരൂപം | വിലയിരുത്തൽ |
|---|---|---|---|
| • ഇന്ത്യയിൽ വ്യത്യസ്ത സംസ്ഥാനങ്ങളുണ്ട്. പൊതുവായചിഹ്നങ്ങളുണ്ട്. | • അനുഭവങ്ങൾ പങ്കുവെച്ചും യാത്രാവിവരണങ്ങൾ വായിച്ചും ഭൂപട നിരീക്ഷണം നടത്തിയും സംസ്ഥാനങ്ങളെക്കുറിച്ച് ആശയം രൂപീകരിക്കുന്നു. പട്ടികപ്പെടുത്തുന്നു.<br>• ചിത്രങ്ങൾ നിരീക്ഷിച്ചും കുറിപ്പുകൾ വായിച്ചും ആശയങ്ങൾ പങ്കുവെച്ചും ദേശീയ ചിഹ്നങ്ങളെക്കുറിച്ചുള്ള ആശയം രൂപീകരിക്കുന്നു. | • പട്ടിക-ഇന്ത്യയിലെ സംസ്ഥാനങ്ങൾ.<br>• പുസ്തകത്തിലെ പട്ടിക<br>• ദേശീയപ്രതീകങ്ങളുടെ പട്ടിക<br>• കുറിപ്പ്-ദേശീയ ചിഹ്നങ്ങൾ | • പരസ്പരം വിലയിരുത്തുന്നു,<br>• ചോദ്യങ്ങൾ തയ്യാറാക്കുന്നതിലെ വൈവിധ്യം<br>• ഭൂപടവായനയിലെ, സൂക്ഷ്മതയും, സമഗ്രതയും വിലയിരുത്തുന്നു<br>• കുറിപ്പ് തയ്യാറാക്കുന്നതിലെ കുട്ടിയുടെ ഇടപെടൽ |

| | | |
|---|---|---|
| പഠന സാമഗ്രികൾ | : | • രാഷ്ട്രീയഭൂപടം, (ഇന്ത്യ)വർക്ക് ഷീറ്റുകൾ, ഇയർബുക്ക്, മറ്റു റഫറൻസ് പുസ്തകങ്ങൾ (National Symbols-CCRT) ദേശീയ നായകരുടെ ചിത്രങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ. |
| പ്രതീക്ഷിത സമയം | : | • 6 മണിക്കൂർ |

## ഇന്ത്യയിലെ പ്രശസ്തർ

കുട്ടികൾക്ക് പരിചയമുള്ള ചില പ്രശസ്തരുടെ ചിത്രങ്ങൾ ശേഖരിച്ച് പരിചയപ്പെടുത്തിക്കൊണ്ട് പാഠഭാഗത്തേക്കു കടക്കാം.

- മഹാത്മാഗാന്ധി
- ജവഹർലാൽനെഹ്റു
- കെ.ആർ. നാരായണൻ
- എ.പി.ജെ. അബ്ദുൽകലാം
- രബീന്ദ്രനാഥടാഗോർ

ചിത്രങ്ങൾ കുട്ടികൾ നിരീക്ഷിക്കട്ടെ. തുടർന്ന് ചോദ്യങ്ങളാകാം.

- ചിത്രത്തിലെ പ്രശസ്തർ ആരെല്ലാം?
- ഇവയിൽ കേരളത്തിൽ നിന്നുള്ളവർ ആരെല്ലാം?
- മറ്റുള്ളവരുടെ സ്ഥലങ്ങൾ നിങ്ങൾക്കറിയാമോ?

പൊതുചർച്ച നടത്തുന്നു.

ഓരോരുത്തരെക്കുറിച്ചും ചെറുഗ്രൂപ്പിൽ കുട്ടികൾ കുറിപ്പു തയ്യാറാക്കട്ടെ. ആവശ്യമായ റഫറൻസ് പുസ്തകങ്ങൾ നൽകണം. ഇത് പിന്നീട് ഫോട്ടോ ഗാലറിയിലേക്ക് ഉൾപ്പെടുത്താം. തയ്യാറാക്കിയ കുറിപ്പുകൾ അവതരിപ്പിക്കാം.

**ഫോട്ടോഗാലറി**

നാലാം ക്ലാസിൽ കുട്ടികൾ പരിചയപ്പെടുന്ന പ്രശസ്തരെകുറിച്ച് ഫോട്ടോ ഗാലറി തയാറാക്കാം. ഇത് എങ്ങനെയാണ് തയാറാക്കുന്നത്? A4 വലുപ്പമുള്ള പേപ്പറിൽ പ്രശസ്ത വ്യക്തികളുടെ ഫോട്ടോ ഒട്ടിക്കുക. ചുവടെ അവരുടെ ലഘു ജീവചരിത്രക്കുറിപ്പ് എഴുതുക. ഇത് ക്ലാസ്സിൽ തന്നെ പ്രദർശിപ്പിക്കാം. ടീച്ചറും കുട്ടികളും ചേർന്ന് ഫോട്ടോഗാലറി വികസിപ്പിക്കാം.

### മഹാത്മാഗാന്ധി



നമ്മുടെ രാഷ്ട്രപിതാവാണ് മഹാത്മാഗാന്ധി. 1869 ഒക്ടോബർ 2 ന് ഗുജറാത്തിലെ പോർബന്തറിൽ ജനിച്ചു. ഒക്ടോബർ - 2 അന്താരാഷ്ട്ര അഹിംസാദിനം...

പ്രധാനപ്പെട്ട കൃതി

- എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ

### ജവഹർലാൽ നെഹ്റു



ഇന്ത്യയിലെ ആദ്യത്തെ പ്രധാനമന്ത്രി (1889 - 1965). കുട്ടികളുടെ പ്രിയപ്പെട്ട ചാച്ചാജി.

ജൻമദിനം- നവംബർ-14 ശിശുദിനമായി ആഘോഷിക്കുന്നു.

പല സ്ഥലങ്ങളിൽ ജനിച്ച ഇവരെല്ലാം ഇന്ത്യക്കാരാണ്. നമ്മുടെ കേരളത്തിൽ എത്രയെത്ര അന്യസംസ്ഥാനക്കാരാണ് വന്നു പോകുന്നത്!

നാം വിവിധ ആവശ്യങ്ങൾക്കായി കേരളത്തിനുപുറത്തെ സംസ്ഥാനങ്ങളിൽ പോകാറില്ലേ? ചർച്ചചെയ്യാം.

തുടർന്ന് ഡൽഹിയിൽ നടക്കുന്ന ദേശീയോദ്ഗ്രഥന ക്യാമ്പിൽ പങ്കെടുക്കുന്ന മുജീബ്റഹ്മാൻ കൂട്ടുകാരനയച്ച കത്ത് വായിക്കാം.

**ദേശീയോദ്ഗ്രഥന ക്യാമ്പിലേക്ക്**

പാഠപുസ്തകത്തിലെ 40-ാം പേജിലെ കത്ത് കുട്ടികൾ വ്യക്തിഗതമായി വായിക്കട്ടെ.

മുജീബ്റഹ്മാൻ ഏതൊക്കെ സംസ്ഥാനങ്ങളിലൂടെ കടന്നുപോയിട്ടുണ്ടാകും? ഭൂപടം നോക്കി കണ്ടെത്തട്ടെ.

എന്തൊക്കെ ചോദ്യങ്ങളാവാം?

- യാത്ര ഏതെല്ലാം മാർഗങ്ങളിലൂടെയായിരിക്കും?
- കേരളത്തിൽ നിന്ന് കരമാർഗം പോകുകയാണെങ്കിൽ ഏതെല്ലാം സംസ്ഥാനങ്ങളിലൂടെ പോകാം?

കണ്ടെത്തലുകൾ (പാഠപുസ്തകം പേജ് 41) വ്യക്തിഗതമായി രേഖപ്പെടുത്തട്ടെ.

തുടർന്ന് മുജീബ്റഹ്മാന്റെ കൂട്ടുകാർ പ്രഫുൽപട്ടേൽ, ഇഫ്തിഖാർഅലി, സുരഭി എന്നിവരുടെ യാത്രാസാധ്യതകൾ പാഠപുസ്തകത്തിലെ ഭൂപടം വായിച്ച് വ്യക്തിഗതമായി കണ്ടെത്തട്ടെ. അവതരിപ്പിക്കട്ടെ.

**സംസ്ഥാനത്തെ തരംതിരിക്കാം**

ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ പേരുകൾ കുട്ടികൾ അറിയേണ്ടതല്ലേ. പാഠഭാഗത്തു നൽകിയ ഭുപടത്തിൽ നിന്നും സംസ്ഥാനങ്ങളുടെ പേരുകൾ കണ്ടെത്തി പട്ടികപ്പെടുത്തട്ടെ. തുടർന്ന് ചോദ്യമാകാം.

- ഇന്ത്യയിലെ സംസ്ഥാനങ്ങളെ എങ്ങനെയൊക്കെ തരം തിരിക്കാം? എന്തെല്ലാം വിഭവങ്ങളാണ് ഇതിനായി ഒരുക്കേണ്ടത്?

- പാഠപുസ്തകത്തിലെ ഭൂപടം.
- ഇയർബുക്കിലെ പ്രസക്തഭാഗങ്ങൾ
- 
- 

- തരം തിരിക്കാനുള്ള മാനദണ്ഡങ്ങൾ എങ്ങനെ നിശ്ചയിക്കാം?

- കടൽത്തീരമുള്ളവ
- കടൽത്തീരമില്ലാത്തവ

മറ്റു രീതികൾ കണ്ടെത്തി തരംതിരിക്കാൻ കുട്ടികൾക്ക് അവസരം നൽകണം.

## ഇന്ത്യയെന്റെ രാജ്യം - വർക്ക്ഷീറ്റ്




### ഇന്ത്യയെന്റെ രാജ്യം

- ഭൂപടത്തിൽ ✈ അടയാളങ്ങൾ വിമാനത്താവളങ്ങളുള്ള സ്ഥലങ്ങളാണ്.
- ചെന്നൈയിൽ നിന്ന് ഗാന്ധിനഗറിലേക്ക് നേരിട്ടുപോകുന്ന വിമാനം ഏതെല്ലാം സംസ്ഥാനങ്ങളുടെ മുകളിലൂടെ പറക്കും?
- (കപ്പൽ) അടയാളങ്ങൾ തുറമുഖങ്ങളാണ്.
- മംഗലാപുരത്തുനിന്നു കൊൽക്കത്തയ്ക്കു പോകുന്ന കപ്പൽ ഏതെല്ലാം സംസ്ഥാനങ്ങളുടെ അടുത്തുകൂടി കടന്നുപോകും?

- 'ഇന്ത്യയെന്റെ രാജ്യം' വർക്ക്ഷീറ്റ് ഓരോ കുട്ടിക്കും നൽകുന്നു.
- വർക്കുഷീറ്റിൽ കൊടുത്തതുപോലെ ഇനിയുമെന്തൊക്കെ ചോദ്യങ്ങളാവാം? കുട്ടികൾ വ്യക്തി ഗതമായി തയാറാക്കുന്നു.
    - മുംബൈയിൽനിന്ന് ശ്രീനഗറിലേക്ക് നേരിട്ട് പറക്കുന്ന വിമാനം ഏതെല്ലാം സംസ്ഥാന ങ്ങളുടെ മുകളിലൂടെ കടന്നുപോകും?
    - കൊൽക്കത്തയിൽ നിന്നു കൊച്ചിയിലേക്കു പോകുന്ന കപ്പൽ ഏതൊക്കെ സംസ്ഥാന ങ്ങളുടെ തീരക്കടലിലൂടെ കടന്നു പോകും?
    - 
    - 
    - 
- വിമാനയാത്രയെക്കുറിച്ചും കപ്പൽയാത്രയെക്കുറിച്ചും പ്രത്യേകം ചോദ്യങ്ങളുണ്ടാകണം.
- ചോദ്യങ്ങളെ അടിസ്ഥാനമാക്കി പട്ടിക പൂരിപ്പിക്കുന്നു.

**വിമാനയാത്ര**

| ക്രമ നമ്പർ | വിമാനം യാത്രയാരംഭി ക്കുന്ന സ്ഥലം | എത്തേണ്ട സ്ഥലം | കടന്നു പോകുന്ന സംസ്ഥാനങ്ങൾ |
|---|---|---|---|
| 1 | ചെന്നൈ | ഗാന്ധിനഗർ | ................... |

കപ്പൽ യാത്രയും ഇതുപോലെ പട്ടികപ്പെടുത്താമല്ലോ.

| ക്രമ നമ്പർ | കപ്പൽ യാത്രയാരംഭി ക്കുന്ന സ്ഥലം | എത്തേണ്ട സ്ഥലം | കടന്നു പോകുന്ന സംസ്ഥാനങ്ങൾ |
|---|---|---|---|
| 1 | മംഗലാപുരം | | |

ഈ പ്രവർത്തനങ്ങൾ ഫലപ്രദമായി പൂർത്തിയാക്കാൻ എന്തെല്ലാം മുന്നൊരുക്കങ്ങൾ ചെയ്യാം?

- വർക്ക്ഷീറ്റ് (വ്യക്തിഗത രേഖപ്പെടുത്തലുകൾക്ക് ഓരോ കുട്ടിക്കും ഫോട്ടോകോപ്പി എടുത്ത് നൽകണം)
- 

**ദേശീയചിഹ്നങ്ങൾ**

ദേശീയമുദ്ര, ദേശീയഗാനം, ദേശീയപതാക എന്നിവയെക്കുറിച്ച് പാഠഭാഗത്ത് (പേജ് 42) നൽകിയ വായനാക്കുറിപ്പ് കുട്ടികൾ വ്യക്തിഗതമായി വായിക്കട്ടെ. തുടർന്ന് ഇവയെക്കുറിച്ച് കൂടുതൽ അന്വേഷിച്ച് കുറിപ്പ് തയാറാക്കാം. ഇതിനായി ചില റഫറൻസ് ഗ്രന്ഥങ്ങൾ ടീച്ചർ ക്ലാസിൽ ഒരുക്കണം.

- ഇയർബുക്കുകൾ
- ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രം കുട്ടികൾക്ക്-സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്.
- ജനഗണമന മുതൽ താമരപ്പൂവ് വരെ -ചേപ്പാട് ഭാസ്കരൻ നായർ.

അശോക ചക്രവർത്തി സാരാനാഥിൽ പണികഴിപ്പിച്ച അശോക സ്തംഭത്തിൽ നിന്ന് പകർത്തിയതാണ് ഇന്ത്യയുടെ ദേശീയ ചിഹ്നം. ബുദ്ധമതം പ്രചരിപ്പിക്കുന്നതിനായി രാജ്യത്തുടനീളം അശോക സ്തംഭം സ്ഥാപിക്കുകയുണ്ടായി. ചിഹ്നത്തിൽ മുണ്ഡകോപനിഷത്തിലെ മന്ത്രം "സത്യമേവ ജയതേ" ദേവനാഗരിലിപിയിൽ കൊത്തിയിട്ടുണ്ട്. ധർമചക്രത്തിന്റെ ഇടത്തും വലത്തുമായി കാളയുടെയും കുതിരയുടെയും രൂപങ്ങൾ കാണാം. 1950 ജനുവരി 26 ന് ഇത് ദേശീയചിഹ്നമായി അംഗീകരിച്ചു. ഗവൺമെന്റിന്റെ എല്ലാ ഒദ്യോഗിക രേഖകളിലും ഈ ചിഹ്നം കാണാം.




**കുറിപ്പ് തയ്യാറാക്കാം**

ഇനി കുട്ടികൾക്ക് ഈ പട്ടിക പൂർത്തിയാക്കാം.

- ദേശീയ വൃക്ഷം .....................................
- ദേശീയ മൃഗം .....................................
- ദേശീയ പക്ഷി .....................................
- ദേശീയ പുഷ്പം ...................................
- ദേശീയ പഴം .....................................
- ദേശീയ കളി .....................................

**രൂപപ്പെടേണ്ട ഉല്പന്നങ്ങൾ**

- ഫോട്ടോഗാലറിയിലെ ചില ഇനങ്ങൾ

**എന്റെ പരിസരപുസ്തകത്തിലേക്ക്.**

- സംസ്ഥാനങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ-പട്ടിക
- ദേശീയ ചിഹ്നങ്ങൾ കുറിപ്പ്, പട്ടിക

## മോഡ്യൂൾ 2

**പ്രശ്ന മേഖല: സാംസ്കാരിക തനിമയെക്കുറിച്ചും അതിന്റെ സ്വതന്ത്രവികാസത്തെക്കുറിച്ചുമുള്ള ധാരണയില്ലായ്മ**

| ആശയങ്ങൾ | പ്രക്രിയകളും കഴിവുകളും | പ്രകടിതരൂപം | വിലയിരുത്തൽ |
|---|---|---|---|
| • സംസ്ഥാനങ്ങൾ തമ്മിൽ ഭാഷയുടെ കാര്യത്തിൽ വൈവിധ്യം നില നിൽക്കുന്നു. | • വിവിധ ഭാഷകളിലെ സംഭാഷണം, കുറിപ്പ് വായിച്ചും സി.ഡികൾ കേട്ടും കറൻസി നോട്ടുകൾ നിരീക്ഷിച്ചും റഫറൻസിംഗിലൂടെയും സംസ്ഥാനങ്ങളിലെ ഭാഷകൾ പട്ടികപ്പെടുത്തുന്നു. നിഗമനം രൂപീകരിക്കുന്നു. വിവിധ ഭാഷാഗാന സദസ്സ് നടത്തുന്നു. ചുമർപത്രം തയാറാക്കുന്നു. | • പട്ടിക-സംസ്ഥാനങ്ങളും ഭാഷകളും<br>• പഠനറിപ്പോർട്ട്<br>• ഗാനസദസ്സ്<br>• ചുമർപത്രം | • ഭാഷാപട്ടിക - പരസ്പരം വിലയിരുത്തൽ<br>• പഠനറിപ്പോർട്ടിന്റെ സമഗ്രത<br>• ഗാനസദസ്സ് പങ്കാളിത്തം.<br>• ചുമർപത്രത്തിലെ വൈവിധ്യം, പങ്കാളിത്തം. |

പഠന സാമഗ്രികൾ : • വിവിധകറൻസി നോട്ടുകൾ, ഭാഷാപട്ടിക, ഇയർബുക്ക്
• ദേശഭക്തിഗാനങ്ങൾ (സി.ഡി, റഫറൻസ് പുസ്തകം)

പ്രതീക്ഷിത സമയം : • 5 മണിക്കൂർ

### അനുഭവമൊരുക്കാം

വ്യത്യസ്ത ഭാഷകൾ കേൾക്കാനവസരം ക്ലാസ്സിൽ ഒരുക്കാം. ഇത് കുട്ടികൾക്ക് രസകരമായ ഒരനുഭവമായി മാറും.

എങ്ങനെ ആസൂത്രണം ചെയ്യാം?

- ടെലിവിഷനിലെ വ്യത്യസ്ത ചാനലുകളിലെ പ്രോഗ്രാം കണ്ടുകൊണ്ട്.
- റേഡിയോ ശ്രവിച്ചുകൊണ്ട്.
- മറ്റ് ഓഡിയോ സി.ഡി പ്രയോജനപ്പെടുത്തിക്കൊണ്ട്.
- 

### ഭാഷകൾ ഏതെല്ലാം?

പാഠപുസ്തകത്തിലെ 44-ാം പേജിലെ സംഭാഷണഭാഗം കുട്ടികൾ വായിക്കട്ടെ.

സ്വന്തം പേര് ചേർത്ത് സംഭാഷണം മാറ്റിപ്പറയാം. തുടർന്ന് ചർച്ചയാകാം.

- ഈ ഭാഷകൾ ഏതെല്ലാം സംസ്ഥാനങ്ങളിലാണ് സംസാരിക്കുന്നത്?
- ഇവർ പറഞ്ഞിട്ടുള്ളത് എന്തെല്ലാമാണ്?
- 

### കറൻസി പരിചയപ്പെടാം

കുട്ടികൾ വിവിധ കറൻസികൾ നോട്ടുകൾ സൂക്ഷമമായി നിരീക്ഷിക്കട്ടെ. നോട്ടിലെ ഭാഷകൾ ഏതെല്ലാം?

കുട്ടികൾ വ്യക്തിഗതമായി പ്രതികരിക്കട്ടെ.

കൂടുതൽ അന്വേഷണത്തിനായി ടീച്ചർ നോട്ടുകളിലെ ഭാഷകൾ സൂചിപ്പിക്കുന്ന ചാർട്ട് അവതരിപ്പിക്കട്ടെ.

കറൻസി നോട്ടിൽ ആകെ 17 ഭാഷകൾ രേഖപ്പെടുത്തിയിട്ടുണ്ട്.

മറ്റേതെങ്കിലും ഭാഷകളിൽ നോട്ടിൽ രേഖപ്പെടുത്തലുകൾ ഉണ്ടോ?

നിരീക്ഷിച്ച് കണ്ടെത്തട്ടെ.

- ഏതൊക്കെ സംസ്ഥാനങ്ങളിലാണ് കറൻസിയിൽ എഴുതിയ ഭാഷകൾ സംസാരിക്കുന്നത്? എങ്ങനെ കണ്ടെത്താം?

കുട്ടികൾ ചെറു സംഘമായി അന്വേഷിക്കട്ടെ.

എന്തൊക്കെ വിഭവങ്ങൾ വേണം?

- ഇയർബുക്ക്
- രാഷ്ട്രീയഭൂപടം

| ലിപി | ഭാഷ |
| --- | --- |
|  | ആസാമീസ് |
|  | ബംഗാളി |
|  | ഗുജറാത്തി |
|  | കന്നഡ |
|  | കശ്മീരി |
|  | കൊങ്ങിണി |
|  | മലയാളം |
|  | മറാഠി |
|  | നേപ്പാളി |
|  | ഒറിയ |
|  | പഞ്ചാബി |
|  | സംസ്കൃതം |
|  | തമിഴ് |
|  | തെലുങ്ക് |
|  | ഉറുദു |

**പട്ടിക തയാറാക്കാം**

പാഠപുസ്തകത്തിലെ 45-ാം പേജിലെ പട്ടിക കുട്ടികൾ പൂർത്തിയാക്കട്ടെ.

പട്ടിക പൊതുവായി ചാർട്ടിൽ എഴുതിയത് അവതരിപ്പിക്കാം. പട്ടിക എങ്ങനെ അപഗ്രഥിക്കാം?

- അപഗ്രഥനത്തിലേക്കു നയിക്കാൻ എന്തൊക്കെ ചോദ്യങ്ങൾ നൽകാം?
- കുട്ടികൾക്ക് സ്വയം കണ്ടെത്താൻ അവസരമല്ലേ ആദ്യം നൽകേണ്ടത്?
- വ്യക്തിഗതമായ അവതരണം.

- പരസ്പരം പങ്കുവെയ്ക്കൽ
- ക്രോഡീകരണം

**ഞാൻ കണ്ടെത്തിയത്**

പാഠഭാഗത്തിലെ 45-ാം പേജിലെ ഭാഗത്ത് കുട്ടി സ്വയം കണ്ടെത്തൽ രേഖപ്പെടുത്തട്ടെ.

**ഭാഷാബന്ധം**

ഇന്ത്യയിലെ ജനങ്ങൾ വ്യത്യസ്ത ഭാഷകളാണ് സംസാരിക്കുന്നത് എന്ന് കുട്ടികൾക്കറിയാം. എന്നാൽ സൂക്ഷ്മതലത്തിലുള്ള അന്വേഷണമാണ് ഇനി വേണ്ടത്. അന്വേഷണത്തിന് ഉതകുന്ന തരത്തിൽ പഠനപ്രശ്നം അവതരിപ്പിക്കാം.

❓ "മറ്റു ഭാഷാബന്ധം ഏറ്റവും കൂടുതലുള്ള സംസ്ഥാനം ഏത്?"

**ടീച്ചർക്ക്**

| സംസ്ഥാനം | ഭാഷകൾ |
|---|---|
| അരുണാചൽ പ്രദേശ് | നിസി, അഡി, വാഞ്ചോ, നോക്ടെ, വിജി, നിഷിങ്ങ |
| അസം | അസമീസ് |
| ആന്ധ്രാപ്രദേശ് | തെലുങ്ക്, ഉറുദു |
| ഉത്തരാഖണ്ഡം | ഹിന്ദി, ഗാരവാളി, കുമയോണി, ഉറുദു |
| ഉത്തർ പ്രദേശ് | ഹിന്ദി, ഉറുദു |
| ഒറീസ്സ | ഒറിയ |
| കർണാടകം | കന്നട |
| കേരളം | മലയാളം |
| ഗുജറാത്ത് | ഗുജറാത്തി |
| ഗോവ | കൊങ്കണി, മറാത്തി |
| ഛത്തീസ്ഗഢ് | ഹിന്ദി |
| ജമ്മു-കാശ്മീർ | കാശ്മീരി, ഉറുദു, ദോഗ്രി, പഹാഡി, ബാൾട്ടി, ലഡാക്കി, പഞ്ചാബി, ഗുജരി, ദാദ്രി |
| ജാർഖണ്ഡ് | ഹിന്ദി |
| തമിഴ്നാട് | തമിഴ് |
| ത്രിപുര | ബംഗാളി, കൊക്ബാരക്, ത്രിപുരി, മണിപ്പൂരി |
| നാഗാലാൻഡ് | ഇംഗ്ലീഷ്, സാമ, കൊൻയാക്, അൻഗാമി, ലോത, ചാങ്ങ, സങ്ടാം |
| പഞ്ചാബ് | പഞ്ചാബി |
| പശ്ചിമ ബംഗാൾ | ബംഗാളി |
| ബീഹാർ | ഹിന്ദി |
| മണിപ്പൂർ | മണിപ്പൂരി, ഇംഗ്ലീഷ് |
| മധ്യപ്രദേശ് | ഹിന്ദി |
| മഹാരാഷ്ട്ര | മറാഠി |
| മിസോറാം | മിസോ, ഇംഗ്ലീഷ് |
| മേഘാലയ | ഖാസി, ഗാരോ, ഇംഗ്ലീഷ് |
| സിക്കിം | ലൊപ്പാ, ഭൂട്ടിയഭ, ഹിന്ദി, നേപ്പാളി, ലിംബു |
| ഹരിയാന | ഹിന്ദി, പഞ്ചാബി |
| ഹിമാചൽ പ്രദേശ് | ഹിന്ദി, പഹാരി |
| രാജസ്ഥാൻ | ഹിന്ദി, രാജസ്ഥാനി |
| ദേശീയ തലസ്ഥാനം | ഹിന്ദി, പഞ്ചാബി, ഉറുദു (ഡൽഹി) |

## ടീച്ചർക്ക്

| കേന്ദ്രഭരണ പ്രദേശങ്ങൾ | |
|---|---|
| **സംസ്ഥാനം** | **ഭാഷകൾ** |
| പുതുച്ചേരി | തമിഴ്, തെലുങ്ക്, മലയാളം, ഫ്രഞ്ച്, ഇംഗ്ലീഷ് |
| ലക്ഷദ്വീപ് | മലയാളം, മഹൽ |
| ദാമൻ, ദിയു | ഗുജറാത്തി |
| ദാദ്ര, നഗർഹവേലി | ഗുജറാത്തി, ഹിന്ദി |
| ചണ്ഡീഗഢ് | ഹിന്ദി, പഞ്ചാബി, ഇംഗ്ലീഷ്, |
| ആൻഡമാൻ, നിക്കോബാർ ദ്വീപുകൾ | ബംഗാളി, ഹിന്ദി, നിക്കോബാറീസ്, തമിഴ് |

**വിവരശേഖരണം**

- കുട്ടികൾ ചെറുഗ്രൂപ്പുകളായി വിവരശേഖരണം നടത്താം
- വിവരശേഖരണത്തിനാവശ്യമായ വിഭവങ്ങൾ എന്തൊക്കെ വേണം?
- ചർച്ചയിലൂടെ ഫോർമേറ്റ് രൂപപ്പെടണം.
- ഇയർബുക്ക് പുസ്തകഭാഗം
- സംസ്ഥാനം, ഭാഷ പട്ടിക
- ഇന്ത്യയുടെ രാഷ്ട്രീയ ഭൂപടം

? ഗ്രൂപ്പ് പ്രവർത്തനം ഫലപ്രദമാക്കണമെങ്കിൽ എന്തെല്ലാം ഘടകങ്ങൾ ശ്രദ്ധിക്കണം?

- ചെറുഗ്രൂപ്പുകൾ
- എല്ലാ അംഗങ്ങൾക്കും ആവശ്യമായ പഠനസാമഗ്രികൾ
- നിർദ്ദേശങ്ങൾ കൃത്യമാക്കൽ
- വ്യക്തിഗത ചിന്തയ്ക്ക് അവസരം
- പങ്കുവെക്കാനവസരം
- കൃത്യമായ മോണിറ്ററിംഗ്
- 
- 
- കണ്ടെത്തലുകൾ എന്റെ പരിസരപുസ്തകത്തിൽ രേഖപ്പെടുത്തട്ടെ.

**ഫോർമാറ്റ് മാതൃക**

| സംസ്ഥാനം | അയൽസംസ്ഥാനങ്ങൾ | അവിടുത്തെ ഭാഷ |
|---|---|---|
| കേരളം | തമിഴ്നാട് | തമിഴ് |
| | കർണാടക | കന്നട |
| | | |
| | | |

പാഠഭാഗത്തിലെ (പേജ് 45) വായനാസാമഗ്രി ടീച്ചർക്ക് വായിച്ച് അവതരിപ്പിക്കാം. തുടർന്ന് പൊതുചർച്ച നടത്താം. പുറംനാടുകളിൽ ജോലിചെയ്യുന്ന ബന്ധുക്കളെക്കുറിച്ചും മറ്റും കുട്ടികൾ പറയട്ടെ. തുടർന്ന് കുട്ടികൾക്ക് വ്യക്തിഗതമായി അവരുടെ അഭിപ്രായ

ങ്ങൾ എഴുതാം. ഓരോരുത്തരും എഴുതിയത് അവതരിപ്പിച്ച് ചർച്ചചെയ്യാം. പരസ്പരാശ്രയത്വത്തിന്റെ പ്രാധാന്യത്തിലേക്ക് ചർച്ച നയിക്കണം.

**ദേശഭക്തിഗാന സദസ്സ്**

കുട്ടികൾ വിവിധ ഭാഷകളിലെ ദേശഭക്തിഗാനങ്ങൾ ശേഖരിക്കട്ടെ. സംഘമായി ചേർന്ന് ദേശഭക്തിഗാനങ്ങൾ അവതരിപ്പിക്കട്ടെ. ഇതിനായി, ഓഡിയോ സി.ഡി കൾ ലഭ്യമാക്കിക്കൂടെ.

- എന്തിനാണ് വിവിധഭാഷകളിലെ ദേശഭക്തി ഗാനങ്ങൾ നാം ആലപിക്കുന്നത്?
- ഇന്ത്യ എന്റെ രാജ്യം എന്ന പാട്ട് വിവിധഭാഷകളിൽ എങ്ങനെയാണ് ചൊല്ലുക?

നാം വ്യത്യസ്തഭാഷകൾ സംസാരിക്കുന്നവരാണെങ്കിലും നാം ഇന്ത്യക്കാരാണെന്ന ബോധം ചർച്ചയിലൂടെ ജനിപ്പിക്കണം.

**ചുമർപത്രം തയാറാക്കാം**

ഈ യൂണിറ്റിന്റെ അവസാനം ഇന്ത്യയെകുറിച്ച് കുട്ടികൾ കണ്ടെത്തിയ കാര്യങ്ങൾ വെച്ചു കൊണ്ട് ഒരു ചുമർപത്രം തയാറാക്കാം.

� ഇതിന്റെ ആസൂത്രണം എങ്ങനെയായിരിക്കണം?

- പൊതുചർച്ച
- ഇനങ്ങൾ തീരുമാനിക്കൽ
- ചുമതലകൾ നൽകൽ
- വിഭവങ്ങൾ തയാറാക്കൽ/ഒരുക്കൽ
- 
- 
- 

ഓരോ ഗ്രൂപ്പിനും ഒരു ചുമർപത്രം തയാറാക്കാം. അല്ലെങ്കിൽ ക്ലാസിനു പൊതുവായി ഒന്ന്. എല്ലാവർക്കും പങ്കാളിത്തം ലഭിക്കാൻ എന്തു തന്ത്രമാണ് സ്വീകരിക്കേണ്ടത്?

ക്ലാസിന്റെ മികവായി പ്രിന്റ് ചെയ്ത് ഇതൊരു പത്രരൂപത്തിൽ പ്രസിദ്ധീകരിച്ചുകൂടെ? തയാറാക്കിയ ചുമർപത്രം ബാലസഭ, സ്കൂൾ അസംബ്ലി, രക്ഷാകർതൃയോഗം, ക്ലസ്റ്റർതല ആസൂത്രണ ശിൽപശാല എന്നിവയിൽ അവതരിപ്പിക്കുമല്ലോ.

**ദേശഭക്തിഗാനങ്ങൾ**

1 **ഇന്ത്യ എന്റെ രാജ്യം**
**എന്റെ സ്വന്തം രാജ്യം**
**ഇന്ത്യ എന്റെ ജീവനേക്കാൾ**
**ജീവനായ രാജ്യം**

**(ഇന്ത്യയെന്റെ ...)**
**ഗംഗ യമുന കാവേരി/സംഗമത്തിൻ രാജ്യം**
**ഗിരിസാഗര സൗന്ദര്യ/സംഗമത്തിൻ രാജ്യം (2)**
**അന്യരല്ല നമ്മളൊരേ/അമ്മപെറ്റ മക്കൾ**
**അന്ത്യശ്വാസമെത്തുവോളം/കാത്തുവയ്ക്കുമമ്മയെ (2)**

2. ഭാരത് മേരാ ദേശ്
മേരാ അപ്നാ ദേശ്
ഭാരത് മേരാ ജാൻ സേ ഭീ
പ്യാരാ അപ്നാ ദേശ്
ഗംഗയമുന കാവേരി
സംഗമ് കാ ദേശ്
ഗിരി സാഗര സൗന്ദര്യ കേ
സംഗമ് കാ ദേശ്
പരായേ നഹീം ഹമ് ഏക്-
ഹീ മാം കേ ബച്ചേ
അന്തിമ് സാംസ് ലോഹ-
തക് പ്രഹരി രഹേംഗേ

3. ഇന്ത്യ എങ്കൾ നാട്
എങ്കൾ സ്വന്ത നാട്
ഇന്ത്യ എങ്കൾ ഉയിരുക്കും
ഉയിരാന നാട്
ഗംഗൈ യമുനൈ കാവേരി-
സംഗമിക്കും നാട്
മലൈവളമും അലൈകടലും-
സംഗമിക്കും നാട്
ഒന്റുതാനേ നാമെല്ലാം-
അന്നൈ പെറ്റ മക്കൾ - ഓർ
അന്നൈ പെറ്റ മക്കൾ
വാഴ്കിന്റ നാൾ വരൈയിൽ-
കാത്തിടുവോം അന്നയൈ.

4. സാരേ ജഹാംസേ അച്ഛാ,
ഹിന്ദുസ്ഥാൻ ഹമാരാ
ഹമ് ബുൽബുലേ ഹേ ഇസ് കി,
വേ ഗുല്സിതാ/ഹമാരാ
പർവത് വോ സബ്സേ ഊംചാ,
ഹമ്സായാ ആസ്മാം കാ
വോ സംതരീ ഹമാരാ,
യോ പാസ്വാം ഹമാരാ (സാരേ....)
ഗോദി മേം ഖേൽതീ ഹേ,
ജിസ്കി ഹസാരോം നദിയാം
ഗുൽശൻ ഹേ ജിസ്കേ ഹമ്സേ
രശ്ക് - എ - ജിനാം ഹമാരാ
സാരേ.....
മസ്ഹബ് നഹീം സിഖാതാ,
ആപസ് ബൈർ രഖ്നാ
ഹിന്ദി ഹേ ഹം വതന് ഹേ,
ഹിന്ദോസ്ഥാൻ ഹമാരാ (സാരാ....)

മുഹമ്മദ് ഇക്ബാൽ

**ക്ലാസിൽ രൂപപ്പെടേണ്ട ഉല്പന്നങ്ങൾ**

- ചുമർപത്രം
- ദേശഭക്തിഗാനങ്ങളുടെ ശേഖരം

**എന്റെ പരിസരപുസ്തകത്തിലേക്ക്.**

- ഔദ്യോഗിക ഭാഷകളുടെ ലിസ്റ്റ്
- സംസ്ഥാനം-ഭാഷ പട്ടിക
- അന്വേഷണ റിപ്പോർട്ട്